ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം (2004) ഒമ്പത് സ്പിരിറ്റ് കള്ളക്കടത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

കൊല്ലം	..	1
പത്തനംതിട്ട	..	1
ആലപ്പുഴ	..	2
ഇടുക്കി	..	3
പാലക്കാട്	..	1
മലപ്പുറം	..	1
ആകെ	..	9

മറ്റു ജില്ലകളിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) ചെക്ക്പോസ്റ്റുകളിൽ ആധുനിക ഉപകരണങ്ങളുടെ ഇല്ലായ്മ, അവയിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ ബാഹുല്യം, ചരക്കുകൾ മുഴുവൻ ഇറക്കി വാഹന പരിശോധന നടത്തുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട്, മൈനർ ചെക്ക് പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് എന്നിവ ഇതിന് കാരണങ്ങളാണ്.

(സി) മൂന്നു കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

എക്സൈസ് വകുപ്പ് പിടിച്ചെടുത്ത ചാരായം

46 [1053] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ജൂലായ് 28-ന് കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ പഞ്ചായത്തിൽ ചൂരിത്തോട് പേര കുഞ്ഞമ്പു നായരുടെ സ്ഥലത്തുനിന്ന് കെ.എൽ.7-എസ് 7146 ജീപ്പിൽ കടത്തുകയായിരുന്ന 4500 പാക്കറ്റ് ചാരായം എക്സൈസ് വകുപ്പ് പിടിച്ചെടുത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ആരൊക്കെയാണ് ഇതിൽ പ്രതികൾ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രതികളിൽ ആരെയെങ്കിലും ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ചാരായം കടത്തുമായി ബന്ധപ്പെട്ടുള്ള കെ.എൽ. 7-എസ്. 7146 ജീപ്പ് ഇപ്പോൾ എക്സൈസിന്റെ കസ്റ്റഡിയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ലെങ്കിൽ ജീപ്പ് കസ്റ്റഡിയിലെടുക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ജി) എക്സൈസ് വകുപ്പിലെ ഏതു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലാണ് ചാരായം കടത്ത് പിടികൂടിയത്;

(എച്ച്) അന്വേഷണത്തിനിടെ പ്രസ്തുത ഉദ്യോഗസ്ഥനെ മാറ്റിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ജൂലായ് മാസം 28-ാം തീയതി കാസർഗോഡ് ജില്ലയിൽ ചൂരിത്തോട് ദേശത്ത് പേര വീട്ടിൽ കുഞ്ഞമ്പു നായരുടെ മകൻ രാധാകൃഷ്ണന്റെ സ്ഥലത്തുനിന്ന് 2450 പാക്കറ്റ് ചാരായം പിടിച്ചെടുക്കുകയും ക്രൈം നമ്പർ 28/2003 ആയി ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പേര വീട്ടിൽ കുഞ്ഞമ്പു നായരുടെ മകൻ രാധാകൃഷ്ണൻ, വെണ്ടക്കെ ചന്ദ്രൻ എന്നിവരെ പ്രതികളായി ചേർത്തിരിക്കുന്നു.

(ഡി) പ്രതികളെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയാകാത്തതുകൊണ്ട് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(ഇ) കസ്റ്റഡിയിലില്ല.

(എഫ്) ചാരായം കടത്തിക്കൊണ്ട് വന്നത് പ്രസ്തുത ജീപ്പിലാണോ എന്നുള്ള അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൻ ജീപ്പ് കസ്റ്റഡിയിലെടുത്തിട്ടില്ല.

(ജി) കാസർഗോഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ വി. ടി. തോമസ്സിന്റെ നേതൃത്വത്തിൽ.

(എച്ച്) പ്രസ്തുത ഉദ്യോഗസ്ഥനെ മാറ്റിയിട്ടില്ല. എന്നാൽ മേൽ കേസ്സിന്റെ അന്വേഷണം നടത്തുന്നതിന് വേണ്ടി കാസർഗോഡ് എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് നാർക്കോട്ടിക് സ്പെഷ്യൽ സ്കാഡിലെ സർക്കിൾ ഇൻസ്പെക്ടറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

സ്പിരിറ്റ് കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ

47 [1054] ശ്രീ. എം. പി. ഗംഗാധരൻ:
,, പി. ടി. തോമസ്:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എൻ. ശക്തൻ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്പിരിറ്റ് കടത്തിലേർപ്പെട്ട എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്;

(ബി) ഇവയിലെ ജോലിക്കാർ ഓടിരക്ഷപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly